LIBRARY ARCHIVES Kerala Legislative Assembly

## സിവിൽ സപ്ലൈസ് വകുപ്പിലെ നിയമനങ്ങൾ

57 [1064] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഇതിൽ പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകി എന്നും എത്ര പേരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരിൽ എത്ര പേർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്;

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ വിവിധ തസ്തികകളിലായി 249 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവരിൽ 204 പേർ പി.എസ്.സി. മുഖേനയും 4 പേർ എംപ്ലോയ്മെന്റ് വഴി താൽക്കാലികാടിസ്ഥാനത്തിലും നിയമിക്കപ്പെട്ടവരാണ്.

(സി) സിവിൽ സപ്ലൈസ് വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്കാർക്കും സ്ഥിരം നിയമനം നൽകിയിട്ടില്ല. താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ ആരുംതന്നെ ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പിൽ ജോലി ചെയ്യുന്നില്ല.

(ഡി) ബാധകമല്ല.

## കോളകളിലെ മാലിന്യങ്ങൾ

58 [1065] ശ്രീ. ലൂഡി ലൂയിസ്:
,, പി. ജെ. ജോയി:
,, എ. സുജനപാൽ:
,, എം. പി. ഗംഗാധരൻ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെപ്സി, കൊക്കക്കോള ഉല്പന്നങ്ങളിൽ എന്തെല്ലാം വിധത്തിലുള്ള വിഷ വസ്തുക്കളും മറ്റ് മാലിന്യങ്ങളും അടങ്ങിയിട്ടുള്ളതായി ആണ് സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശോധനയിൽ തെളിഞ്ഞിട്ടുള്ളത്; ഇത്തരം കുടിവസ്തു സംസ്ഥാനത്ത് നിർമ്മിച്ച് വിറ്റഴിച്ചതിന്റെ പേരിൽ എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

പെപ്സി, കൊക്കക്കോള ഉല്പന്നങ്ങൾ, റെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കായി നൽകിയിട്ടുണ്ടെങ്കിലും അവയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള സാമ്പിളുകൾ സെൻട്രൽ ഫുഡ് ലബോറട്ടറികളിൽ പരിശോധിക്കുവാൻ കഴിയുകയില്ല എന്നു കാണിച്ച് ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസ്, ന്യൂഡൽഹി കത്ത് നൽകിയിട്ടുണ്ട്. ഈ ഉല്പന്നങ്ങളുടെ സാമ്പിളുകൾ സംസ്ഥാനത്തെ അനലറ്റിക്കൽ ലബോറട്ടറികളിൽതന്നെ പരിശോധിക്കാൻ നിർദ്ദേശം ലഭിച്ചതനുസരിച്ച് ഈ ഉല്പന്നങ്ങളുടെ സാമ്പിളുകൾ സംസ്ഥാനത്തെ അനലറ്റിക്കൽ ലാബുകളിൽ പരിശോധിച്ചു. ഇവയിൽ കീടനാശിനിയുടെ അംശമോ, മറ്റ് വിഷാംശമോ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഇത് കൂടാതെ ഈ സാമ്പിളുകൾ നാല് കേന്ദ്ര അംഗീകൃത ലബോറട്ടറികളിലും പരിശോധിക്കുകയുണ്ടായി. ഇവയിൽ മൂന്ന് ലബോറട്ടറികളിൽനിന്നുള്ള പരിശോധനാ റിപ്പോർട്ടിലും കീടനാശിനിയുടെ അംശമോ മറ്റ് വിഷാംശമോ കണ്ടെത്തിയിട്ടില്ല. എന്നാൽ ഒരു ലബോറട്ടറിയുടെ പരിശോധനാ റിപ്പോർട്ടിൽ കീടനാശിനിയുടെ അംശം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കുടിക്കാനുപയോഗിക്കുന്ന പാനീയങ്ങളിൽ അനുവദനീയമായ കീടനാശിനിയുടെ അളവ് നിർദ്ദേശിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വന്നാൽ മാത്രമേ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമാകൂ.

മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവ്

59 [1066] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് എഞ്ചിൻ പ്രവർത്തിപ്പിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണ്;

(ബി) പെർമിറ്റുള്ള മത്സ്യത്തൊഴിലാളികളെ ഏതാനും ദിവസം മുമ്പ് പരിശോധനയ്ക്ക് റിളിപ്പിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പരിശോധനയിൽ ചില പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ സഹകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) മത്സ്യബന്ധനത്തിന് എഞ്ചിൻ പ്രവർത്തിപ്പിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് താഴെപ്പറയുന്ന നിരക്കിലാണ് മണ്ണെണ്ണ അനുവദിച്ച് വന്നിരുന്നത്:

| | | | |
|---|---|---|---|
| 10 കുതിരശക്തി വരെയുള്ള ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് പ്രതിമാസം | .. | 350 | ലിറ്റർ |
| 11—15 വരെ ,, | .. | 375 | ,, |
| 16—40 വരെ ,, | .. | 500 | ,, |

LIBRARY ARCHIVES Kerala Legislative Assembly